## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5836** **30.07.2015-ൽ മറുപടിയ്ക്ക്**

## വൈദ്യുതീകരണം നടക്കാത്ത ഗ്രാമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞുരാമൻ (തൃക്കരിപ്പൂർ) : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതീകരണം നടക്കാത്ത എത്ര ഗ്രാമങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ എല്ലാ വില്ലേജുകളിലും (ഗ്രാമങ്ങളിലും) വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ലൈൻ നിർമ്മിയ്ക്കാൻ വനം വകുപ്പിന്റെ അനുമതി വേണ്ടതും വൈദ്യുതി ലൈൻ എത്തിയ്ക്കാൻ സാധിയ്ക്കാത്തതുമായ ചില കോളനികൾ കേരളത്തിൽ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വൈദ്യുതി ബോർഡ് അത് പരിശോധിച്ച് വരികയാണ്. |
| (ബി) | കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ എത്ര ഗ്രാമങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്താത്തതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടകയിൽ നിന്നും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (സി) | കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടകയിൽ നിന്നും വൈദ്യുതി എത്തിയ്ക്കുന്നതുമായി ബന്ധപ്പെട്ട് കർണ്ണാടകയിലുള്ള തവട്ടുഗോളിയിൽ നിന്നും നിലവിലുള്ള 110 കെ.വി. തവട്ടുഗോളി-മൈലാട്ടി ലൈൻ ഇരട്ടിപ്പിക്കുകയും നവീകരിക്കുകയും ചെയ്യേണ്ട ജോലിയുടെ ടെണ്ടർ നടപടികൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർ, ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ നടന്നു വരികയാണ്. ഇതോടനുബന്ധിച്ച് കാസർഗോഡ് 110 കെ.വി. സബ്സ്റ്റേഷന്റെ ബേ നിർമ്മാണം പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ.